പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ആദിവാസി മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ എന്നിവ നിർമ്മിക്കുന്നു. കൂടാതെ ഉൾവനങ്ങളിലും ഒറ്റപ്പെട്ടതും, വന്യമൃഗഭീഷണി ഉള്ളതും, പൊതു ഗതാഗത സൗകര്യമില്ലാത്തതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സുരക്ഷിതമായി സ്കൂളുകളിൽ എത്തിക്കുന്നതിനും അതുവഴി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുന്നതിനുമായി ഗോത്ര സാരഥി എന്ന പദ്ധതി 2013-14 മുതൽ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വനത്തിനുള്ളിൽ വനം വകുപ്പ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുണ്ട്. വന്യമൃഗങ്ങളുടെ ഭീഷണി ഒഴിവാക്കാൻ കിടങ്ങുകളും ജനവാസമുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനായി വൈദ്യുതി കമ്പിവേലിയും വനം വകുപ്പിന്റെ സഹകരണത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭമുണ്ടാകുന്ന അവസരങ്ങളിൽ ആദിവാസികളെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റിപാർപ്പിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിഭവ സമാഹരണ പദ്ധതി

29(*359) ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ബി. അബ്ദുൾ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക വിഭവ സമാഹരണ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയിലൂടെ സമാഹരിക്കുന്ന പണമുപയോഗിച്ചുള്ള പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിത നിർവ്വഹണം, കൈവരിക്കാനാകുന്ന നേട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനംകൂടി ഇതോടൊപ്പം പരിഗണിക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിഭവസമാഹരണത്തിലേക്കായി 29-12-2014-ലെ സ.ഉ. (പി) നമ്പർ 583/14/ധന പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

(1) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനേയും കേരള റോഡ് ഫണ്ട് ബോർഡിനേയും സ്റ്റാൺസർമാരാക്കുന്നതിന് നിയമഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഇടക്കാല ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടും റവന്യൂ ബോണ്ടും പുറപ്പെടുവിക്കുന്നതാണ്.

(2) ദീർഘകാല ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് എന്നിവ മുഖേന ഫണ്ട് സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഇവയുടെ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് താഴെപ്പറയുന്ന ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

ധനമന്ത്രി (ചെയർമാൻ) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുമന്ത്രി

വ്യവസായ വകുപ്പുമന്ത്രി

റെയിൽവേയുടെ ചുമതലയുള്ള മന്ത്രി

ഊർജ്ജ വകുപ്പുമന്ത്രി

ഗതാഗത വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

(4) ഇതുകൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു നിർവ്വഹണ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(5) നൂതനമായ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഫിനാൻഷ്യൽ കൺസൾട്ടൻസി, ഫിനാൻഷ്യൽ റിസർച്ച്, മെർച്ചന്റ് ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ പരിചയമുള്ള ഒരു കൺസൾട്ടന്റ് അഥവാ കൺസൾട്ടിംഗ് ഏജൻസിയുടെ സേവനം സുതാര്യവുമായ മാർഗ്ഗങ്ങളിലൂടെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നിർവ്വഹണ വിഭാഗത്തിന്റെ അംഗീകാരത്തോടുകൂടി ഏർപ്പെടുത്താൻ ധനവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(6) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനും ഒരു സെക്ഷൻ ഓഫീസറും രണ്ട് അസിസ്റ്റന്റും ഉൾപ്പെടുന്ന ഒരു സെക്ഷൻ (ധനകാര്യ ഇൻഫ്രാസ്ട്രക്ചർ) ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പദ്ധതിയിലൂടെ സമാഹരിക്കുന്ന പണമുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിത നിർവ്വഹണം, കൈവരിക്കാനാകുന്ന നേട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം പരിഗണിക്കുന്നതാണ്.

ഇ-ട്രഷറി സംവിധാനം

30(*360) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ട്രഷറി സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെയെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സംയോജിപ്പിച്ചിരിക്കുന്നത്;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly